fഭരണഭാഷ – മാതൃഭാഷ

**സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, തിരുവനന്തപുരം**

**dtekerala@gmail.com**

**0471 2561307**

**<u>നടപടിക്രമം</u>**

സാങ്കേതിക വിദ്യാഭ്യാസം–ഡയറക്ടറുടെ കാര്യാലയം, തിരുവനന്തപുരം– **01.01.2002** മുതൽ **31.12.2004** വരെ കംപ്യൂട്ടർ എഞ്ചിനീയറിങ് വിഭാഗം ലക്ചറർ തസ്തികയിൽ നിയമനം ലഭിച്ച അധ്യാപകരുടെ സീനിയോറിറ്റി ലിസ്റ്റ് പുന : സ്ഥാപിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**ജീവനക്കാര്യം (ജി) വിഭാഗം**

**നം. EG1/6797/19/DTE** **തിരുവനന്തപുരം, തീയതി : 14-05-2025**

---

വായന :- **1)19.12.1989** ലെ **GO(P)261/89**/ഉ.വി.വ നമ്പർ ഉത്തരവ്

**2)21.12.1998.** ലെ **GO(Ms) 158/98**/ഉ.വി.വ നമ്പർ ഉത്തരവ്

**3)14.07.2004,24.07.2004** തീയതികളിൽ കൂടിയ **DPC** മിനുട്സ്.

**4)07.09.2004** തീയതിയിലെ **EC5/26314/04/DTE** നമ്പർ ഉത്തരവ്

**5)05.06.2007** ലെ **EG1/10251/2005/DTE** നമ്പർ നടപടിക്രമം

**6)13.05.2024** തീയതിയിൽ ശ്രീമതി. ശ്രീകല കെ.കെ ബഹു.പട്ടികജാതി പട്ടിക ഗോത്രവർഗ്ഗ കമ്മീഷൻ മുമ്പാകെ സമർപ്പിച്ച നിവേദനം.

**7)09.12.2024** തീയതിയിൽ ശ്രീമതി. ശ്രീകല കെ.കെ. സർക്കാരിൽ സമർപ്പിച്ച നിവേദനം.

**8) 22.03.2025** തീയതിയിലെ എൽ**3/242/2024**/ഉ.വി.വ നമ്പർ കത്ത്

**<u>ഉത്തരവ്</u>**

കമ്പ്യൂട്ടർ എഞ്ചിനീയറിംഗ് വിഭാഗം ലക്ചറർ തസ്തികയിൽ **2003** വർഷത്തിൽ ഉണ്ടായ **36** ഒഴിവുകൾ നികത്തുന്നതിലേക്കായി വായന **(1)** വിശേഷാൽ ചട്ടത്തിലെയും വായന **(2)** സർക്കാർ ഉത്തരവിലെയും വ്യവസ്ഥകൾക്ക് വിധേയമായി യഥാ സമയം ബി.ടെക് യോഗ്യത നേടിയ ജീവനക്കാരെ ഉൾപ്പെടുത്തി സീനിയോറിറ്റി ലിസ്റ്റ് തയാറാക്കുകയും, പ്രസ്തുത സീനിയോറിറ്റി ലിസ്റ്റിൽ ആദ്യ **8** സ്ഥാനങ്ങളിൽ അസിസ്റ്റൻറ് ലക്ചറർ തസ്തികയിൽ ഉള്ളവരും ശേഷിച്ച **11** പേർ വർക്ക്ഷോപ്പ് ഇൻസ്ട്രക്ടർ/ഡെമോൺസ്ട്രേറ്റർ വിഭാഗത്തിൽ ഉള്ളവർ ഉൾപ്പെടുകയും ചെയ്തിരുന്നു.മേൽ സൂചിപ്പിച്ച ഒഴിവുകളിൽ ബൈ ട്രാൻസ്ഫർ മുഖേനയുള്ള ഒഴിവുകൾ നികത്തുന്നതിലേക്ക് **14.07.2004,24.07.2004** തീയതികളിൽ ഡിപ്പാർട്ട്മെൻ്റ് പ്രൊമോഷൻ കമ്മിറ്റി ചേരുകയും ആയതിൻ പ്രകാരം **13.08.2004** തീയതിയിലെ **EG1/12554/03/DTE** നമ്പർ സെലക്റ്റ് ലിസ്റ്റ് തയ്യാറാക്കുകയും, ആയതിൻറെ അടിസ്ഥാനത്തിൽ വായന **(4)** പ്രകാരം പ്രസ്തുത സെലക്റ്റ് ലിസ്റ്റിൽ ഉൾപ്പെട്ട **19** അധ്യാപകർക്കും ബൈ ട്രാൻസ്ഫർ നിയമനം നല്കുകയും തുടർന്നു പ്രസ്തുത ഉത്തരവിലെ ക്രമം അനുസരിച്ച് വായന **(5)** പ്രകാരം സീനിയോറിറ്റി ലിസ്റ്റ് തയ്യാറാക്കുകയും തുടർ സ്ഥാന കയറ്റം അനുവദിക്കുകയും ചെയ്തിരുന്നു.

പരാമർശം **(4)** ഉത്തരവിൽ ക്രമ നമ്പർ **19** ആയി ഉൾപ്പെട്ടിട്ടുള്ള ശ്രീമതി ശ്രീകല കെ കെ തൻറെ സീനിയോറിറ്റി പുനഃ സ്ഥാപിച്ചു ലഭിക്കുന്നതിലേക്ക് വായന **(6)** പ്രകാരം

ബഹു.പട്ടികജാതി പട്ടിക ഗോത്രവർഗ്ഗ കമ്മീഷൻ മുമ്പാകെയും, വായന (7) പ്രകാരം വകുപ്പ് മേധാവിയ്ക്കും നിവേദനം സമർപ്പിക്കുകയുണ്ടായി. ഏകദേശം 18 വർഷത്തിനുമേൽ പഴക്കമുള്ള സീനിയോറിറ്റി പുന സ്ഥാപിക്കുന്ന വിഷയത്തിൽ സർക്കാരിൽ നിന്നും സ്പഷ്ടീകരണം ആവശ്യപ്പെടുകയും ചെയ്തു.

21.12.1998 തീയതിയിലെ GO(Ms) No. 158/98/HEDN നമ്പർ ഉത്തരവ് അടിസ്ഥാനമാക്കുമ്പോൾ അസിസ്റ്റന്റ് ലക്ചറർ തസ്തികയിൽ സേവനം അനുഷ്ഠിക്കുന്ന അദ്ധ്യാപകർ അവർ ബി.ടെക് യോഗ്യത നേടുന്ന തീയതി പ്രാബല്യത്തിൽ തന്നെ ലക്ചറർ തസ്തികയിലേക്ക് അപ്ഗ്രേഡ് ചെയ്യേണ്ടതും, പ്രസ്തുത സെലക്ഷൻ ലിസ്റ്റിൽ അസിസ്റ്റൻറ് ലക്ചററെ ആദ്യം പ്ലേസ് ചെയ്യേണ്ടതും, അത്തരത്തിൽ അവർക്ക് സ്ഥാനം നല്കിയ ശേഷം മാത്രമാവണം വർക്ക് ഷോപ്പ് ഇൻസ്ട്രക്ടർ/ഡെമോൺസ്ട്രേറ്റർ വിഭാഗത്തിൽ ഉള്ളവരെ അവരുടെ Interse Seniority-യുടെ അടിസ്ഥാനത്തിൽ സെലക്ട് ലിസ്റ്റിൽ ഉൾപ്പെടുത്തേണ്ടിയിരുന്നതെന്നും, ഒരു തസ്തിക അപ്ഗ്രേഡ് ചെയ്തു സ്ഥാന കയറ്റം നൽകുമ്പോൾ സ്ഥാന കയറ്റം ലഭിക്കുന്നതിന് അടിസ്ഥാനമാക്കുന്നത് യോഗ്യത നേടുന്ന തീയതി തന്നെയാണെന്നും, GO(Ms) No. 158/98/HEDN എന്ന ഉത്തരവിലെ യോഗ്യത നേടുന്ന മുതലുള്ള Upgradation അസിസ്റ്റന്റ് ലക്ചറർ തസ്തികയിൽ തുടരുന്നവർക്ക് മാത്രമാണെന്നും വായന (7) പ്രകാരം സർക്കാരിൽ നിന്നും സ്പഷ്ടീകരണം ലഭിച്ചിട്ടുണ്ട്.

ഈ സാഹചര്യത്തിൽ DPC പരിഗണിച്ച എല്ലാ അസിസ്റ്റന്റ് ലക്ചറർമാർക്കും (Sl.No. 1-8 വരെ) അവരുടെ യോഗ്യത നേടിയ തീയതിയിലും മറ്റുള്ളവർക്ക് ( ഡെമോൺസ്ട്രേറ്റർ & വർക്ക് ഷോപ്പ് ഇൻസ്ട്രക്ടർ ) അവരവരുടെ ഒറിജിനൽ സീനിയോറിറ്റി നഷ്ടപ്പെടാതെ അസിസ്റ്റന്റ് ലക്ചറർമാർക്ക് താഴെയായി സ്ഥാനം നിശ്ചയിച്ചു നൽകി ലക്ചറർമാരുടെ സീനിയോറിറ്റി ലിസ്റ്റ് പുനഃക്രമീകരിച്ചു നല്കുവാൻ വായന (8) സർക്കാർ കത്തിൽ നിർദേശം നല്കിയ സാഹചര്യത്തിൽ മേൽ വായന (5) പ്രകാരം പ്രസിദ്ധീകരിച്ച 01.01.2002 മുതൽ 31.12.2004 വരെ കമ്പ്യൂട്ടർ എഞ്ചിനീയറിങ് വിഭാഗം ലക്ചറർ തസ്തികയിൽ നിയമനം ലഭിച്ച ജീവനക്കാരുടെ സീനിയോറിറ്റി ലിസ്റ്റ് ചുവടെ നല്കിയ പ്രകാരം ഭേദഗതി ചെയ്തും, മറ്റുള്ളവ മേൽ ഉത്തരവ് (5) പ്രകാരവും നില നിൽക്കുന്നതുമായിരിക്കും

| Sl No | Name of Incumbent | Date of Birth | Qualification | Date of Appointment/PSC Advice to the present post | Date of effect of promotion | Date of joining to the present post | Remarks |
|---|---|---|---|---|---|---|---|
| 1 | Abdul Khader K T | 20.12.1970 | B.Tech | 07.09.2004 | 04.03.2003 | 14.09.2004 | |
| 2 | Saife Rahiman C A | 09.04.1968 | B.Tech | 07.09.2004 | 04.03.2003 | 10.09.2004 | Retired |
| 3 | Prasannan K P | 12.05.1971 | B.Tech | 07.09.2004 | 04.03.2003 | 29.09.2004 | |
| 4 | Rejimon Abraham | 11.08.1966 | B.Tech | 07.09.2004 | 05.06.2003 | 30.09.2004 | Retired |
| 5 | Manoj P S | 31.05.1971 | B.Tech | 07.09.2004 | 07.08.2003 | 10.09.2004 | |
| 6 | Bijimon K R | 01.05.1970 | B.Tech | 07.09.2004 | 07.08.2003 | 10.09.2004 | |
| 7 | Sheena C | 23.05.1971 | B.Tech | 07.09.2004 | 29.08.2003 | 10.09.2004 | |
| 8 | Sreekala K K | 21.05.1971 | B.Tech | 07.09.2004 | 20.12.2003 | 13.09.2004 | |
| 9 | Seena I T | 22.10.1974 | B.Tech | 07.09.2004 | 07.09.2004 | 14.09.2004 | |

| | | | | | | | |
|---|---|---|---|---|---|---|---|
| 10 | Sunil Kumar P M | 02.04.1971 | B.Tech | 07.09.2004 | 07.09.2004 | 10.09.2004 | |
| 11 | Baburajan T S | 18.05.1971 | B.Tech | 07.09.2004 | 07.09.2004 | 10.09.2004 | |
| 12 | Vinod E | 27.05.1971 | B.Tech | 07.09.2004 | 07.09.2004 | 13.09.2004 | |
| 13 | Biju M J | 15.04.1971 | B.Tech | 07.09.2004 | 07.09.2004 | 10.09.2004 | |
| 14 | Chandrakumar M A | 11.03.1970 | B.Tech | 07.09.2004 | 07.09.2004 | 10.09.2004 | |
| 15 | Bijoy George | 21.02.1968 | B.Tech | 07.09.2004 | 07.09.2004 | 16.09.2004 | Retired |
| 16 | Thajbi P M | 10.11.1970 | B.Tech | 07.09.2004 | 07.09.2004 | 10.09.2004 | |
| 17 | Pratheep Kumar P | 25.05.1967 | B.Tech | 07.09.2004 | 07.09.2004 | 10.09.2004 | Retired |
| 18 | Roy Thomas | 24.05.1971 | B.Tech | 07.09.2004 | 07.09.2004 | 14.09.2004 | |
| 19 | Bindu Vinod | 20.05.1970 | B.Tech | 07.09.2004 | 07.09.2004 | 10.09.2004 | |

........

**SHALIJ P R**

**DIRECTOR**

പകർപ്പ്

1. ബന്ധപ്പെട്ട ജീവനക്കാർക്ക്/സ്ഥാപന മേലധികാരികൾക്ക് (ഔദ്യോഗിക വെബ്സൈറ്റ് മുഖേന)

Signed by
Shalij P R
Date: 14-05-2025 07:14:25